ദി ഡിഫെൻഡർ

Vol. No. 10 Issue No. 14 RNI Reg. No. 68089 / 97 Published From Perumbavoor 2007 JULY 16 Price: Rs.100/- P.A.

# കെ. സി. ജോണിന്റെ തന്ത്രങ്ങൾ അമേരിക്കയിൽ പാളുന്നു



അമേരിക്കൻ മലയാളികളെ കബളിപ്പിക്കാനുള്ള പദ്ധതികളുമായി അമേരിക്കയിലെത്തിയ എത്തിയ കെ.സി.ജോണിന്റെ തന്ത്രങ്ങൾ പാളുന്നു. ഏതാനും ഐ.പി.സിക്കാർ ഒഴികെ ആരും ഈ ചങ്ങാതിയെ മൈന്റ് ചെയ്യുന്നില്ല.

ചവറിനുവേണ്ടി പണം ശേഖരിക്കുക എന്നതാണ് കെ.സി.ജോണിന്റെ പ്രധാന പദ്ധതി. വലിയൊരു തുക ഉടൻ ലഭിച്ചില്ലെങ്കിൽ പിടിച്ചു നിൽക്കാനാവാത്ത സ്ഥിതിയാണുള്ളത്. ചവറിന്റെ മഹത്വം വാഴ്ത്തിപ്പാടി അമേരിക്കൻ മലയാളികളെ വിഡ്ഢികളാക്കമെന്നായിരുന്നു കണക്കുകൂട്ടൽ. പക്ഷേ കെ.സി.ജോണിന്റെ പ്രീതി ആവശ്യമുള്ള ഏതാനും ഐ.പി.സി പ്ലാസ്റ്റർമാർ ഒഴികെ ആരും അനുകൂലമായി പ്രതികരിക്കുന്നില്ല. അതുകൊണ്ട് ഫണ്ട് ശേഖരണം വിഷമത്തിലായിരിക്കുകയാണ്.

ജൂബിലി സമ്മേളനത്തിൽ ഏതാനും മിനിട്ട് പ്രസംഗിക്കാനുള്ള അവസരം കെ.സി.ജോണിന് കിട്ടിയെങ്കിലും അതുകൊണ്ട് ഗുണമൊന്നും ഉണ്ടായില്ല. ചവറിനേക്കുറിച്ച് പ്രസംഗത്തിനിടയിൽ പറയാൻ പറ്റില്ല. മറ്റ് അവസരങ്ങൾ ലഭിച്ചതുമില്ല. ഒരു സ്റ്റാൾ ഇട്ട് കുറെ ലഘുലേഖ വിതരണം ചെയ്തു എന്നുമാത്രം.

കെ.സി.ജോണിന്റെ പ്രസംഗവും അറു ബോറായിരുന്നു. കേട്ടു പഴകിയ കുറെ കിഴവികഥകൾ പറഞ്ഞ് ജനത്തെ ഇളക്കാൻ ഒരു ശ്രമം കെ.സി.ജോൺ നടത്തിയെങ്കിലും വിജയിച്ചില്ല. അങ്ങനെ കെ.സി.ജോണിന്റെ പ്രസംഗം നനഞ്ഞ പടക്കം പോലെ ആയി. പാസ്റ്റർ ബാബു ചെറിയാന്റെ പ്രസംഗം മാത്രമാണ് നിലവാരം പുലർത്തിയത്.

കെ.സി.യുടെ പ്രസംഗം ചീറ്റാൻ മറ്റൊരു കാര്യംകൂടി ഉണ്ട്. അടുത്ത വർഷം നടക്കുന്ന സമ്മേളനത്തിലും കെ.സി.ജോണിന് പ്രസംഗിക്കാൻ അവസരം ലഭിക്കണം. അതിന് കെ.സി.ജോണിന്റെ ശിങ്കിടികൾ അധികാരത്തിലെത്തണം. ഇന്ത്യയിൽ സഭാരാഷ്ട്രീയം കളിച്ച് പതിനെട്ടടവും പയറ്റിത്തെളിഞ്ഞ കെ.സി.ജോണിന് ഇതൊക്കെ എളുപ്പം സാധിക്കാവുന്നതേയുള്ളൂ. പക്ഷേ ഇത്തവണ ചുവട് പിഴച്ചു. ഇയാളുടെ തോന്ന്യാസങ്ങൾ കണ്ട് മനസ്സു മടുത്ത ചിലർ ശക്തിയായി പ്രതികരിച്ചു. സമ്മേളനത്തിൽ പ്രസംഗിക്കാനായി എത്തിയ കെ.സി.ജോണിനെ അവർ വഴിയിൽ തടഞ്ഞുനിർത്തി സംസാരിച്ചു. കേരളത്തിൽ കളിക്കുന്ന പൊളിറ്റിക്സ് അമേരിക്കയിലും കളിക്കാമെന്ന വ്യാമോഹം ഒഴിവാക്കുകയാണ് ബുദ്ധി എന്ന് അവർ പറഞ്ഞു. ഈ സംഭവം കഴിഞ്ഞ് പ്രസംഗിച്ചതുകൊണ്ടാണ് കെ.സി.ജോണിന്റെ പ്രസംഗം മോശമായതെന്ന് കരുതാം.

2007 ജൂലൈ മുതൽ അമേരിക്കയിലും ചവർ ലഭ്യമാകും എന്നായിരുന്നു കെ.സി. ജോൺ ആറുമാസം മുൻപ് പറഞ്ഞത്. അമേരിക്കയിൽ ചവർ ഉദ്ഘാടനം ചെയ്യാനാണ് ഈ ചങ്ങാതി അമേരിക്കയിലേക്ക് പോയതും. പക്ഷേ ഇപ്പോൾ അതേപ്പറ്റി മിണ്ടുന്നില്ല. പരിപാടി നടക്കുമെന്നോ നടക്കില്ലെന്നോ പറയുന്നുമില്ല. എന്താണ് സംഭവിച്ചതെന്ന് ആർക്കും അറിഞ്ഞുകൂടാ. ഏതായാലും കെ.സി. ജോണിന്റെ തട്ടിപ്പ് അമേരിക്കയിൽ വിജയിക്കുന്നില്ലെന്ന് വ്യക്തം.

# കെ. എ. ഏബ്രഹാമിനെ എതിർക്കാതെ വയ്യ



ഉലകം മുഴുവൻ അറിയപ്പെടുന്ന പ്രസംഗകനായ കെ.എ. ഏബ്രഹാം സോദോമ്യ പാപത്തിന് ഒത്താശ ചെയ്യുന്നവനും ഒന്നാതരം തട്ടിപ്പുകാരനുമാണെന്ന് വ്യക്തമായിരിക്കുന്നു. ഈയാളുടെ സഹോദരീഭർത്താവായ മത്തായിക്കുട്ടിക്ക് പ്രകൃതിവിരുദ്ധ പ്രവർത്തനങ്ങൾ നടത്താൻ സഹായം ചെയ്തുകൊടുക്കുന്നത് ഈ ചങ്ങാതിതന്നെയാണെന്ന് ഡിഫെൻഡർ നടത്തുന്ന അന്വേഷണത്തിൽ തെളിഞ്ഞു. അതുകൊണ്ട് ഈ കള്ളനെതിരെ ശക്തിയായി പ്രതികരിക്കാൻ ഡിഫെൻഡർ തീരുമാനിച്ചിരിക്കയാണ്.

വിശുദ്ധിയുടേയും സത്യവിശ്വാസത്തിന്റേയും സംരക്ഷകൻ എന്ന നിലയ്ക്കാണ് കെ.എ. ഏബ്രഹാം സ്വയം അവതരിപ്പിക്കുന്നത്. പക്ഷേ ദുരുപദേശക്കാരനായ കെ.പി.യോഹന്നാന്റെ ജനറൽ കൺവെൻഷന് പ്രസംഗിക്കാൻ ഇയാൾ ഡേറ്റ് കൊടുക്കുകയും ചെയ്തു. പക്ഷേ ആ കൺവെൻഷന് പ്രസംഗിച്ചാൽ പെന്തക്കോസ്തിൽ നിന്ന് ഔട്ടാകും എന്ന് ബോദ്ധ്യമായപ്പോൾ മനസ്സില്ലാമനസ്സോടെ പ്രോഗ്രാം ക്യാൻസലാക്കി. പണം കിട്ടുമെങ്കിൽ ഏതു ചെകുത്താനേയും നമസ്ക്കരിക്കാൻ കെ.എ.ഏബ്രഹാം തയ്യാറാകുമെന്ന് ഈ സംഭവം തെളിയിച്ചു.

ദുർന്നടപ്പിനെതിരെ അത്യുഗ്രമായി പ്രസംഗിക്കുന്ന കെ.എ.ഏബ്രഹാമിന് പ്രകൃതിവിരുദ്ധ ലൈംഗീകബന്ധം പാപമായി തോന്നുന്നില്ല. അതുകൊണ്ട് മത്തായിക്കുട്ടിക്കെതിരെ ഒരു വാക്കുപോലും പറയാൻ കെ.എ.ഏബ്രഹാം തയ്യാറാകുന്നുമില്ല. ഇയാളുടെ പ്രസംഗത്തിന്റെ പൊള്ളത്തരമാണ് ഇതോടെ വ്യക്തമാകുന്നത്. അതുകൊണ്ട് ഈ കള്ള ഉപദേശിക്കെതിരെ ഡിഫെൻഡർ ഇനി ശക്തിയായി പ്രതികരിക്കും.

# പുല്ലാട്ടുകാർക്ക് ഇനി ഡിഫെൻഡർ സൗജന്യം

വരിസംഖ്യ തരാത്തവർക്ക് ഡിഫെൻഡർ അയച്ചുകൊടുക്കാറില്ല. (പത്രമാസികകൾ, ബൈബിൾ കോളേജുകൾ, സഭാനേതാക്കൻമാർ തുടങ്ങിയവരെ ഈ നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുമുണ്ട്). എന്നാൽ ഈ ലക്കം മുതൽ പുല്ലാട്ടുകാർക്ക് ഡിഫെൻഡർ സൗജന്യമായി ലഭിക്കുന്നതാണ്.

മത്തായിക്കുട്ടി എന്ന സോദോമ്യൻ പുല്ലാട്ടുള്ള ഒരു എ.ജി സഭയുടെ പാസ്റ്ററാണ്. ഇയാൾ കാട്ടിക്കൂട്ടിയിട്ടുള്ള വൃത്തികേടുകൾ തെളിവു സഹിതം ഡിഫെൻഡറിൽ എഴുതിയിട്ടുമുണ്ട്. ഏഴു വയസ്സുള്ള കുട്ടിയോടു മുതൽ 70 കഴിഞ്ഞ വൃദ്ധനോടു വരെ മത്തായിക്കുട്ടി ചെയ്തത് ആർക്കും പൊറുക്കാനാവാത്ത പാപമാണ്. പക്ഷേ ഇയാളോ ഇയാളുടെ അളിയനായ കെ.എ.ഏബ്രഹാമോ എ.ജി. സഭാ നേതൃത്വമോ മറ്റാരെങ്കിലുമോ ഈ പ്രശ്നത്തിൽ ഇടപെട്ട് രമ്യമായ പരിഹാരം ഉണ്ടാക്കാൻ ശ്രമിച്ചിട്ടില്ല. പ്രകൃതിവിരുദ്ധ ലൈംഗികബന്ധം പെന്തക്കോസ്തുകാർക്ക് ഒരു പാപമല്ലെങ്കിലും പുല്ലാട്ടുള്ള സാധാരണക്കാർക്ക് ഈ പ്രശ്നം നിസ്സാരമായി കാണാൻ കഴിയുമെന്ന് തോന്നുന്നില്ല. അതുകൊണ്ട് മത്തായിക്കുട്ടിയുടെ തനിനിറം പുല്ലാട്ടുള്ള സാധാരണക്കാരെ അറിയിക്കയല്ലാതെ മറ്റൊരു പോംവഴിയും ഡിഫെൻഡർ കാണുന്നില്ല. പുല്ലാട്ട് മാത്രമല്ല, തിരുവല്ലയിൽ കെ.എ.ഏബ്രഹാം താമസിക്കുന്ന കുറ്റപ്പുഴ-കിഴക്കൻമുത്തൂർ ഭാഗങ്ങളിലും ഡിഫെൻഡർ സൗജന്യമായി വിതരണം ചെയ്യുന്നതാണ്.

സഭയിലെ പ്രശ്നം നാട്ടുകാരെ അറിയിച്ച് പെന്തക്കോസ്തുകാർക്ക് നാണക്കേടുണ്ടാക്കി എന്നൊക്കെ പറയാൻ ആളുണ്ടാകും എന്നറിയാം. പക്ഷേ ഇങ്ങനെ പറയുന്നവർ മത്തായിക്കുട്ടിപ്രശ്നം പരിഹരിക്കാൻ എന്തു ചെയ്തു എന്നുകൂടി വ്യക്തമാക്കണം എന്നേ ഡിഫെൻഡറിന് പറയാനുള്ളൂ.

# അമേരിക്കൻ മലയാളികളെ സാമച്ചൻ കബളിപ്പിക്കുന്നു



കഴുതകൾ ഉള്ളിടത്തോളം കാലം സാമച്ചന് കുശാലാണെന്ന് ഇപ്പോൾ അമേരിക്കയിൽ നടക്കുന്ന സംഭവങ്ങൾ തെളിയിക്കുന്നു. സാമച്ചൻ എന്ന കള്ളന് അമേരിക്കയിൽ പരമസുഖം. പ്രോഗ്രാമുകൾക്ക് കുറവില്ല. പണത്തിന് പഞ്ഞമില്ല. ഒന്നിനും മുട്ടില്ല.

ലോകപ്രസിദ്ധ പ്രസംഗകൻ, കാലഘട്ടത്തിന്റെ പ്രവാചകൻ എന്നൊക്കെയാണ് സാമച്ചനെ വിഡ്ഢികൾ വാഴ്ത്തുന്നത്. ലോക നേതാക്കൻമാർ സുപ്രധാന തീരുമാനങ്ങൾ എടുക്കുന്നത് സാമച്ചനോട് ചോദിച്ചിട്ടാണത്രേ. ഇത്ര വലിയ വീരന്റെ പ്രസംഗം കേൾക്കാൻ സാധിക്കുന്നത് ചെറിയ കാര്യമല്ലല്ലോ.

തരം കിട്ടുന്നിടത്തെല്ലാം വ്യഭിചരിക്കുന്നവനാണ് സാമച്ചൻ എന്നു ഡിഫെൻഡർ പറഞ്ഞാൽ വിവരദോഷികൾക്ക് വിശ്വാസം വരില്ല. സാമച്ചന്റെ പേരുവിളിക്കൽ ശുശ്രൂഷയുടെ ഉള്ളുകള്ളികൾ ഡിഫെൻഡറിൽ പലവട്ടം വിശദീകരിച്ചിട്ടും കഴുതകൾ പാഠം പഠിക്കുന്നില്ല. രോഗശാന്തിയുടെ പേരിൽ സാമച്ചൻ നടത്തുന്ന തട്ടിപ്പുകൾ സുബോധമുള്ള ആർക്കും മനസ്സിലാകുന്ന വിധത്തിൽ വിശദീകരിച്ചിട്ടും ആത്മീയ ലോകത്തെ വിഡ്ഢികളുടെ തലയിൽ കയറുന്നുമില്ല. ഇങ്ങനെയുള്ളവർ അനുഭവിക്കട്ടെ.

സാമച്ചന്റെ മീറ്റിംഗിലൂടെ സഭ അനുഗ്രഹിക്കപ്പെടുമെന്നാണ് ചിലർ പറയുന്നത്. സാമച്ചൻ നടത്തുന്ന രോഗശാന്തി, പ്രവചനം തുടങ്ങിയതൊക്കെ കണ്ടും കേട്ടും ജനം സഭയിലേക്ക് ഒഴുകി എത്തുമത്രേ. വലിയ പരസ്യം നൽകിയാണ് അമേരിക്കയിലെ ചില സഭകൾ സാമച്ചന്റെ യോഗങ്ങൾ നടത്തുന്നത്.

സത്യം അംഗീകരിക്കാൻ മനസ്സുകാണിക്കാത്തവർക്ക് ദൈവം ഭോഷ്ക്ക് വിശ്വസിക്കാൻ അവസരം ഒരുക്കും. ''അധർമ്മമൂർത്തിയുടെ പ്രത്യക്ഷത നശിച്ചുപോകുന്നവർക്കു സാത്താന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം വ്യാജമായ സകല ശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടുംകൂടെ ആയിരിക്കും;അവർ രക്ഷിക്കപ്പെടുവാൻ തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽ തന്നേ അങ്ങനെ ഭവിക്കും. സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിന് ദൈവം അവർക്കു ഭോഷ്ക്ക് വിശ്വസിക്കുമാറു വ്യാജത്തിന്റെ വ്യാപാരശക്തി അയയ്ക്കുന്നു''. 2 തെസ്സ. 2:10-12.

ദൈവത്തെ വിശ്വാസമല്ലാത്ത ഒട്ടേറെ പെന്തക്കോസ്തുകാരുണ്ട്. അവർക്ക് പ്രവചനം, രോഗശാന്തി, അത്ഭുതം, അടയാളം തുടങ്ങി പലതും വേണം. ഇത്തരക്കാർക്ക് ദൈവം ഭോഷ്ക്ക് വിശ്വസിക്കത്തക്കവിധം വ്യാജത്തിന്റെ ആത്മാവിനെ അയച്ചുകൊടുക്കും. സാമച്ചനേപ്പോലുള്ളവരെ വിശ്വസിക്കുന്നവർ ഈ ആത്മാവിന്റെ പിടിയിലാണ്.

ദി ഡിഫെൻഡർ
Vol. No.10 Issue No. 14 2007 July 16

# മഹതിയാം ബാബിലോണും ചില വസ്തുതകളും

മഹതിയാം ബാബിലോൺ എന്നത് കത്തോലിക്കാസഭയാണെന്നും മറ്റ് പട്ടത്വ സഭകൾ ഈ മാതാവിന്റെ സന്താനങ്ങളാണെന്നും ആദ്യകാല പെന്തക്കോസ്ത് നേതാക്കൻമാർ വിശ്വസിച്ചിരുന്നു. ഈ സിദ്ധാന്തം കാര്യകാരണ സഹിതം സ്ഥാപിച്ചുകൊണ്ട് കെ.ഇ.ഏബ്രഹാമിനേപ്പോലുള്ളവർ പുസ്തകം എഴുതുകയും ചെയ്തിരുന്നു. ഇന്നും ഈ നിലപാടിൽ ഉറച്ചു നിൽക്കുന്നവർ ഏറെയുണ്ട്. പക്ഷേ ഇതൊക്കെ പമ്പര വിഡ്ഢിത്തങ്ങളാണെന്നും ക്രിസ്തുവിൽ വിശ്വസിക്കുന്ന കത്തോലിക്കർ ഉൾപ്പെടെയുള്ളവരെല്ലാം ദൈവമക്കളാണെന്നും അച്ചൻകുഞ്ഞ് ഇലന്തൂരിനേപ്പോലുള്ളവർ പ്രചരിപ്പിക്കുന്നു. കെ.ഇ.ഏബ്രഹാമിനേപ്പോലുള്ളവരെ വിവരദോഷികളായാണ് അച്ചൻകുഞ്ഞ് കണക്കാക്കുന്നത്.

ആദ്യകാല പെന്തക്കോസ്ത് നേതാക്കൻമാർ മഹതിയാം ബാബിലോണിനേക്കുറിച്ച് എടുത്ത നിലപാട് തികച്ചും ശരിയായിരുന്നു എന്ന് സമീപകാല സംഭവങ്ങൾ തെളിയിക്കുന്നു. കത്തോലിക്കാസഭപോലെ തങ്ങളുടെ സഭയും ദൈവത്താൽ സ്ഥാപിക്കപ്പെട്ട സഭകളാണ് എന്നത്രേ പട്ടത്വ സഭകൾ പ്രചരിപ്പിച്ചിരുന്നത്. പക്ഷേ കർത്താവായ യേശുക്രിസ്തു ഒരു സഭ മാത്രമേ സ്ഥാപിച്ചിട്ടുള്ളൂ എന്നും മറ്റ് സഭകളെല്ലാം കത്തോലിക്കാസഭയെ വിട്ടുപോയതിനാൽ മുറിവേറ്റ സഭകളാണെന്നും പോപ്പ് പ്രഖ്യാപിച്ചിരിക്കയാണ്. മറ്റ് സഭകളെ സഹോദരസഭകളായല്ല മുറിവേറ്റ സഭകളായാണ് കത്തോലിക്കാ സഭ പരിഗണിക്കുന്നതത്രേ. ഈ മുറിവേറ്റ സഭകൾ മാതാവിലേക്ക് മടങ്ങിവരണമെന്നാണ് പോപ്പിന്റെ ആഹ്വാനം.

മഹതിയാം ബാബിലോൺ മാതാവും മറ്റ് പട്ടത്വ സഭകൾ മക്കളുമാണെന്ന് ആദ്യകാല പെന്തക്കോസ്ത് നേതാക്കൻമാർ പറഞ്ഞത് ശരിയാണെന്ന് ഇപ്പോൾ തെളിയുന്നു. ഐ.പി.സി ഉൾപ്പെടെയുള്ള പെന്തക്കോസ്ത് സംഘടനകളേയും കത്തോലിക്കാസഭയുടെ അധീനതയിൽ കൊണ്ടുവരാനാണ് അച്ചൻകുഞ്ഞ് ഇലന്തൂരിനേപ്പോലുള്ളവരുടെ ശ്രമം. ഈ ശ്രമത്തിൽ ഒട്ടൊക്കെ വിജയിക്കാനും അച്ചൻകുഞ്ഞിന് കഴിഞ്ഞിട്ടുണ്ട്. പട്ടത്വ സഭയിലെ ബിഷപ്പുമാരുമായി കൈകോർത്ത് ബൈന്റ് അസ് ടുഗതർ പാടാൻ മഹതിയാം ബാബിലോൺ എഴുതിയ കെ.ഇ.ഏബ്രഹാമിന്റെ മകനായ ടി.എസ്.ഏബ്രഹാമിന് ശങ്ക തോന്നിയില്ല. മാർതോമ്മാക്കാരനെ വിളിച്ച് സ്വന്തം വീട്ടിൽ ധൂപക്കുറ്റി വീശിക്കാൻ അച്ചൻകുഞ്ഞിനും മടിയുണ്ടായില്ല. പവ്വർ വിഷനിലൂടെ എല്ലാ സഭകളും ഏറെക്കുറെ ഒന്നായിക്കഴിഞ്ഞു. ദൈവത്തെ വിട്ടവരെല്ലാം ഭാവിയിൽ മഹതിയാം ബാബിലോണെന്ന മാതാവിന്റെ ചിറകിൻകീഴിൽ ശരണം പ്രാപിക്കും എന്നതിന് സംശയമില്ല.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:*

**www.tsbalan.com**

**For more Details: tsbalan@yahoo.com**

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ - 1000 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
 റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

തല്ലിപ്പൊളി എന്ന വാക്കിന് മഹാമോശം എന്നാണ് അർത്ഥം. അടിപൊളി എന്ന വാക്കിന് ഒന്നാംതരം എന്നും അർത്ഥം. ഈ രണ്ടു വാക്കുകളും ഇപ്പോൾ ഇറങ്ങുന്ന മലയാളം ഡിക്ഷ്ണറികളിൽ ഉണ്ടായിരിക്കാം. ഏതായാലും 30 കൊല്ലം മുൻപ് ഈ വാക്കുകൾ ഇല്ലായിരുന്നു. മൂന്നാറിലെ കാര്യം പറയാനാണ് അല്പം വളച്ചു കെട്ടിയത്. മൂന്നാർ ഭൂപരിഷ്ക്കരണം ആദ്യ ഘട്ടത്തിൽ അടിപൊളിയായിരുന്നു. അക്ഷരാർത്ഥത്തിൽ തന്നെ കെട്ടിടങ്ങൾ അടിച്ചു പൊളിക്കുകയും ചെയ്തു. പക്ഷേ ഇപ്പോൾ നേരേ വിപരീതമായി. സംഗതി തല്ലിപ്പൊളി ആയിരിക്കുകയാണ്. വല്ലപ്പോഴും ഓരോ കെട്ടിടം തല്ലിപൊളിക്കുന്നുമുണ്ട്. രണ്ടാം ഭൂപരിഷ്ക്കരണം എന്നൊക്കെ കൊട്ടിഘോഷിച്ച് തുടങ്ങിയ പരിപാടിക്ക് ഇത്ര ദയനീയമായ സ്ഥിതി ഉണ്ടാകുമെന്ന് ആരും കരുതിയിരിക്കയില്ല.

പത്രക്കാരൻ വാങ്ങിയത് ഒരുകോടി. പത്രം വാങ്ങിയത് രണ്ടുകോടി. ഇതൊന്നും കൈക്കൂലിയേയല്ല. പത്രം വാങ്ങിയത് വായ്പ അഥവാ ബോണ്ട്. പത്രക്കാരൻ വാങ്ങിയതുമില്ല. കൊടുത്തില്ലെന്ന് കൊടുത്തയാളും വാങ്ങിയില്ലെന്ന് വാങ്ങിയ ആളും പറയുന്നു. പിന്നെ കേസ്സ് ഉണ്ടാകുന്നതെങ്ങനെ? എന്നിട്ടും പ്രതിപക്ഷം വിട്ടില്ല. ബഹളമായി, വാക്കൗട്ട് ആയി. ഇപ്പോഴിതാ കോടതിവിധിയും. ഇനി അന്വേഷണം നടത്താതെ പറ്റില്ലല്ലോ. പണം വാങ്ങിയത് ഭരിക്കുന്ന ചങ്ങാതിമാരായതുകൊണ്ട് എന്ത് അന്വേഷണം നടത്തിയാലും തെളിവ് ലഭിക്കില്ലെന്ന് ഇപ്പോൾത്തന്നെ ഉറപ്പിക്കാം. സംഭാവനയും കൈക്കൂലിയും തമ്മിലുള്ള വ്യത്യാസം എന്താണാവോ.

കേരളത്തിൽ അക്കൗണ്ട് തുറക്കാൻ സഹായിക്കുന്ന മുന്നണിക്കേ ഇനി വോട്ട് കൊടുക്കൂ എന്ന് ലീഡറുടെ പാർട്ടി പറയുന്നു. അങ്ങനെയൊരു മുന്നണി നിലവിലില്ലെന്ന് ഈ ഭൂമിമലയാളത്തിലുള്ള സകലർക്കും അറിയാം. എൽ.ഡി.എഫിൽ നിന്ന് എൻ.സി.പിയെ പുറത്താക്കിയതാണ്. സീറ്റ് കൊടുക്കാമെന്നു പറഞ്ഞ് ഇനി എൽ.ഡി.എഫ് ഇവരെ തിരികെ വിളിക്കുമെന്ന് തോന്നുന്നില്ല. പിന്നെയുള്ളത് യു.ഡി.എഫ് ആണ്. ലീഡറേയും കൂട്ടരേയും വേണ്ടേ വേണ്ട എന്ന് അവർ നൂറു വട്ടം പറഞ്ഞുകഴിഞ്ഞു. വർഗ്ഗീയ പാർട്ടികളുമായി കൂട്ടുകൂടില്ലെന്ന് ലീഡർ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ലീഡറുടെ വാക്ക് പഴയ ചാക്കുപോലെ ആയതുകൊണ്ട് ആ സാദ്ധ്യതയും തള്ളിക്കളയാൻ ആവില്ല. ബി.ജെ.പി വർഗ്ഗീയ പാർട്ടി അല്ലെന്ന് പ്രഖ്യാപിച്ചിട്ട് സഖ്യം ഉണ്ടാക്കിയാൽ മതിയല്ലോ. കിംഗ് മേക്കർ എന്നുവരെ അറിയപ്പെട്ടിരുന്ന ലീഡർജിക്ക് ഇത്തരം ഒരു ഗതികേടുണ്ടാകുമെന്ന് ഉമ്മൻ ചാണ്ടിപോലും കരുതിയിരുന്നില്ല.

ഇരു മുന്നണികളിലുമുള്ള കുറെ കക്ഷികളെ അടർത്തിയെടുത്ത് പുതിയ ഒരു മുന്നണി ഉണ്ടാക്കാൻ ലീഡർ ശ്രമിച്ചേക്കാം. പക്ഷേ എൻ.സി.പി ഉണ്ടാക്കുന്ന മുന്നണിയിൽ ചേർന്ന് ആത്മഹത്യ ചെയ്യാൻ ഏതെങ്കിലും കക്ഷി തയ്യാറാകുമോ എന്ന് കണ്ടുതന്നെ അറിയണം.

ആണ്ട ബാധ കൊണ്ടേ പോകൂ എന്നു പറഞ്ഞതുപോലെയാണ് പനിയുടെ സ്ഥിതി. എല്ലാ ദിവസവും ഒരു ഡസൻ ആളുകളുടെയെങ്കിലും ജീവനെടുക്കുന്ന പനി ആരോഗ്യ വകുപ്പ് മന്ത്രിയുടെ കസേരയും കൊണ്ടുപോകുന്ന ലക്ഷണമുണ്ട്. പത്തനംതിട്ട ജില്ലയിൽ ഒരു ഹർത്താൽ കഴിഞ്ഞു. ഇനി മറ്റു ജില്ലകളിലും ഹർത്താൽ ഉണ്ടാകും. അതുകഴിഞ്ഞ് ഒരു കേരള ഹർത്താലും പ്രതീക്ഷിക്കാം. പനിയിൽ ഹർത്താലിനുള്ള പങ്ക് എന്ന വിഷയത്തേക്കുറിച്ച് ഒരു ഗവേഷണം നടത്തിയാൽ ഒരു പി.എച്ച്.ഡി ഉറപ്പ്.

ഇടതുമുന്നണി രണ്ടാം ഭൂപരിഷ്ക്കരണം നടത്തുന്നതു കണ്ട് പ്രചോദനം ഉൾക്കൊണ്ട് കത്തോലിക്കർ ഒരു രണ്ടാം വിമോചന സമരത്തിന് തയ്യാറെടുക്കുകയാണ്. പക്ഷേ ഈ വ്യാമോഹം അതിമോഹമാണെന്ന് സർക്കാർ പറയുന്നു. കൂടാതെ, ഈ തരത്തിലുള്ള ഒരു സമരവുമായി സഹകരിക്കാൻ തയ്യാറല്ലെന്ന് എൻ.എസ്സ്.എസ്സും പറയുന്നു. അതുകൊണ്ട് ബിഷപ്പുമാരുടെ ശൗര്യം പണ്ടത്തേപ്പോലെ ഫലിക്കുമെന്ന് തോന്നുന്നില്ല.

ജൂലൈ 15 മുതൽ വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിക്കയില്ല എന്ന് ബസ്സ് ഉടമകൾ പ്രഖ്യാപിച്ചു. അങ്ങനെയെങ്കിൽ സർവ്വീസ് നടത്താൻ ബസ്സ് ഉണ്ടാകില്ലെന്ന് കുട്ടികളും പ്രഖ്യാപിച്ചു. എന്നിട്ടോ? അത് വിശേഷിച്ച് പറയണോ? ഇത്തവണയും കുട്ടികൾ തന്നെ ജയിച്ചു. ബസ്സ് ഇല്ലാതെ ബസ്സ് സർവ്വീസ് നടത്താൻ പറ്റില്ല എന്ന പരമമായ സത്യം ബസ്സ് ഉടമകൾക്ക് ബോദ്ധ്യമായി എന്ന് ചുരുക്കം.

സ്വാശ്രയ പ്രശ്നം എങ്ങുമെത്താതെ നിൽക്കുന്നു. പരിശുദ്ധ കത്തോലിക്കാ മാനേജ്മെന്റുകളാണ് അമ്പിനും വില്ലിനും അടുക്കാത്ത സ്ഥിതിയിലുള്ളത്. സീസർക്കുള്ളത് സീസർക്കും പള്ളിക്കുള്ളത് പള്ളിക്കും കിട്ടണം എന്ന കാര്യത്തിൽ വിട്ടുവീഴ്ചക്ക് അവർ തയ്യാറല്ല. അങ്ങനെ ലക്ഷങ്ങൾ വാങ്ങുന്ന പരിപാടി ഇനി നടപ്പില്ലെന്ന് സർക്കാരും പറയുന്നു.

**ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?**

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3232356, 9447414608

# പെരുമ്പെട്ടി ഐ.പി.സി പ്രശ്നം: ഹൈക്കോടതി പറഞ്ഞതെന്ത്?

പെരുമ്പെട്ടി ഐ.പി.സി പ്രശ്നത്തിൽ ഹൈക്കോടതിയിൽ നിന്ന് ഉണ്ടായ വിധി ഐ.പി.സിക്ക് എതിരാണെന്ന് കഴിഞ്ഞലക്കം ഡിഫെൻഡറിൽ നിന്നും വായിച്ചറിഞ്ഞ പലരും ഇതിന്റെ വിശദാംശങ്ങൾ അന്വേഷിക്കുകയുണ്ടായി. ഡിഫെൻഡർ ഒഴികെ മറ്റൊരു പത്രത്തിലും ഇത്തരം വാർത്തകൾ വരാറില്ല. അതുകൊണ്ട് വസ്തുതകൾ മനസ്സിലാക്കാൻ സാധാരണക്കാർക്ക് കഴിയുന്നില്ല.

ന്യായമായ ഒരു കാരണവും കൂടാതെയാണ് പാസ്റ്റർ ഏബ്രഹാം ഷാജിയെ ടി.എസ്.ഏബ്രഹാം ഐ.പി.സിയിൽ നിന്ന് പുറത്താക്കിയത്. അതിനെതിരെ ഏബ്രഹാം ഷാജി മുൻസിഫ് കോടതിയിൽ കൊടുത്ത കേസ്സ് ഏബ്രഹാം ഷാജിക്ക് അനുകൂലമായി വിധിച്ചിരുന്നു. ഏബ്രഹാം ഷാജിയെ പുറത്താക്കിക്കൊണ്ട് ടി.എസ്.ഏബ്രഹാം പുറപ്പെടുവിച്ച കത്തിൽ തുടർന്നടപടികൾ എടുക്കുന്നത് തടഞ്ഞുകൊണ്ടായിരുന്നു വിധിയുണ്ടായത്. ഫലത്തിൽ ഏബ്രഹാം ഷാജി വിജയിച്ചു. മറിച്ചൊരു കോടതി ഉത്തരവ് ഉണ്ടാകുന്നതുവരെ ഏബ്രഹാം ഷാജിക്ക് പെരുമ്പെട്ടി സഭയിൽ തുടരാനുള്ള അധികാരവും ലഭിച്ചു.

ഭീഷണിപ്പെടുത്തിയും മോഹന വാഗ്ദാനങ്ങൾ നൽകിയും ഗുണ്ടായിസം ഉപയോഗിച്ചും പോലീസിനെ ഉപയോഗിച്ചും മറ്റും ഏബ്രഹാം ഷാജിയെ സഭയിൽ നിന്ന് പുറത്താക്കാൻ ഐ.പി.സി നേതൃത്വം പരമാവധി ശ്രമിച്ചെങ്കിലും സാധിച്ചില്ല. എല്ലാ വഴികളും അടഞ്ഞപ്പോഴാണ് സഭാനേതൃത്വം ഹൈക്കോടതിയെ സമീപിച്ചത്.

ഏബ്രഹാം ഷാജി അനധികൃതമായി സഭയിൽ താമസിക്കയാണെന്നും സഭാനേതൃത്വം ഔദ്യോഗികമായി നിയമിച്ച പുതിയ പാസ്റ്റർക്ക് സഭാഹാളിൽ ആരാധന നടത്താൻ പോലീസ് സംരക്ഷണം നൽകണമെന്നും ആവശ്യപ്പെട്ടായിരുന്നു സഭാനേതൃത്വം ഹൈക്കോടതിയെ സമീപിച്ചത്. എന്നാൽ ഐ.പി.സിയുടെ വാദം ഹൈക്കോടതി അംഗീകരിച്ചില്ല. ഏബ്രഹാം ഷാജിക്ക് അനുകൂലമായി കീഴ്ക്കോടതിയിൽ നിന്ന് ഉണ്ടായ വിധി നിലനിൽക്കുന്നതിനാൽ ഏബ്രഹാം ഷാജി ശുശ്രൂഷിക്കുന്ന സഭയിലേക്ക് പുതിയ പാസ്റ്ററെ നിയമിച്ചുകൊണ്ട് ഐ.പി.സി പുറപ്പെടുവിച്ച ഉത്തരവിന് നിലനിൽപ്പില്ലെന്നും അതുകൊണ്ട് പുതിയ പാസ്റ്റർക്ക് സഭയിൽ ആരാധന നടത്താൻ പോലീസ് സംരക്ഷണം ലഭിക്കാനുള്ള അർഹതയില്ലെന്നുമാണ് ഹൈക്കോടതി വിധിച്ചത്. അങ്ങനെ ഐ.പി.സിയും ടി.എസ്.ഏബ്രഹാമും കേസ്സിൽ അതിദയനീയമായി പരാജയപ്പെട്ടു. ഇതാണ് പെരുപ്പെട്ടി സഭാപ്രശ്നത്തിൽ സംഭവിച്ചിരിക്കുന്നത്.

# തങ്കു പ്രാർത്ഥിച്ച് പല്ല് കിളിർപ്പിച്ചു

തങ്കുവും തോമസ്കുട്ടിയും ചേർന്ന് ഈയിടെയായി നടത്തിക്കൊണ്ടിരിക്കുന്ന അത്ഭുതങ്ങൾക്ക് കൈയ്യും കണക്കും മാത്രമല്ല വാലും തലയും പോലുമില്ല. തങ്കു നടത്തിയ അത്ഭുതം തോമസ്കുട്ടിയും തോമസ്കുട്ടി നടത്തിയ അത്ഭുതം തങ്കുവും ആണ് വിവരിക്കുക. അങ്ങനെ, തങ്കു നടത്തിയ ഒരു അത്ഭുതം തോമസ്കുട്ടി ചവർ ചാനലിൽ വിവരിച്ചത് ഇങ്ങനെ:

തങ്കു, അങ്ങു ദൂരെ, ചൈനയിലോ ജപ്പാനിലോ ഇന്തോനേഷ്യയിലോ മറ്റോ ശുശ്രൂഷിക്കുമ്പോൾ നടന്ന ഒരു അത്ഭുതമാണിത്. ഒരു കുട്ടിക്ക് നാലു വയസ്സായിട്ടും പല്ല് വരുന്നില്ല. ഡോക്ടർമാർ പഠിച്ച പണി പതിനെട്ടും നോക്കിയിട്ടും ഫലം നഹി. അങ്ങനെയിരിക്കുമ്പോഴാണ് വിശുദ്ധ തങ്കു അവിടെ എത്തിയത്. മാതാപിതാക്കൾ കുട്ടിയുമായി തങ്കുവിന്റെ അടുത്തെത്തി, കാര്യം പറഞ്ഞു. തങ്കു കുട്ടിയുടെ തലയിൽ കൈവച്ച് പ്രാർത്ഥിച്ചു. സാത്താനെ ഭർത്സിച്ച് പുറത്താക്കി. ശാപം പൊട്ടിച്ചു. ഉടൻ വന്നൂ അത്ഭുതം പല്ല് രൂപത്തിൽ. നിമിഷനേരം കൊണ്ട് കുട്ടിക്ക് പല്ലുമുളച്ചു. മാതാപിതാക്കൾ അത്ഭുതം കൊണ്ട് വായ് പൊളിച്ചു. (അവരുടെ വായിൽ പല്ലുകൾ വേണ്ടതിലധികം ഉണ്ടായിരുന്നതുകൊണ്ട് വിശേഷിച്ച് മുളപ്പിക്കേണ്ടതായി വന്നില്ല).

# പെരുമ്പാവൂർ ഐ.പി.സിയിലെ ശാപം പൊട്ടിത്തകർന്നു

ഒരു ശാപവും ഇനി ഉണ്ടാകുകയില്ല എന്ന വാക്യം പെരുമ്പാവൂർ ഐ.പി.സിയിൽ അന്വർത്ഥമായി. ശാപമില്ലാത്ത ആദ്യത്തെ ഐ.പി.സി സഭ എന്ന പദവി അങ്ങനെ പെരുമ്പാവൂർ ഐ.പി.സിക്ക് സ്വന്തമായി. സംഭവം നടന്നത് ജൂലൈ ആദ്യ ആഴ്ചയിലാണ്.

മറ്റ് ഐ.പി.സി സഭകൾ പോലെ പെരുമ്പാവൂർ ഐ.പി.സിയിലും ശാപം കൊടികുത്തി വാഴുകയായിരുന്നു. അതിന്റെ ഫലമായി ദേശത്ത് മുള്ളും ഞെരിഞ്ഞിലും നിറഞ്ഞു. സ്ത്രീകൾ അതീവ വേദനയോടെ മക്കളെ പ്രവസിച്ചു. നെറ്റിയിൽ നിന്ന് വിയർപ്പ് ഒഴിഞ്ഞ സമയവുമില്ല. കടഭാരം, മാറാരോഗം, അപകടങ്ങൾ, ഭ്രാന്ത് തുടങ്ങിയവയുടെ കാര്യം പറയുകയും വേണ്ട. അങ്ങനെ വിശ്വാസികളെല്ലാം വളരെ വിഷമിച്ചു. ശരിക്കും മടുത്തു എന്നു പറഞ്ഞാൽ മതിയല്ലോ. എങ്ങനെയെങ്കിലും ഈ പ്രശ്നത്തിന് ഒരു പരിഹാരം ഉണ്ടാക്കിയേ മതിയാകൂ. പക്ഷേ എങ്ങനെ? വളരെ ആലോചിച്ച് അവർ ഒരു പരിഹാരം കണ്ടെത്തി. ഒരു ശാപം പൊട്ടിക്കൽ ശുശ്രൂഷ നടത്തുക. അതോടെ ശാപങ്ങളെല്ലാം പമ്പ കടക്കും. (പമ്പ കുറെ ദൂരെയാകയാൽ അടുത്തുള്ള പെരിയാറെങ്കിലും കടക്കും).

ആരെ വിളിക്കണം എന്നായി പിന്നത്തെ ചിന്ത. വളരെ ആലോചിച്ച് ഒരാളെ കണ്ടുപിടിച്ചു: മുക്കാലി രാജു. ഒന്നാംതരം കൂട്ടക്ഷര വൈരി. പേപ്പർ ചുരുട്ടി കുത്തി ഏതു ഭൂതത്തേയും ഓടിക്കും. എത്ര വലിയ ശാപവും പൊട്ടിക്കും. എന്തുകൊണ്ടും യോഗ്യൻ. അങ്ങനെ മുക്കാലി രാജുവിനെ ക്ഷണിച്ചു വരുത്തി. രാജു ആത്മാർത്ഥമായി തന്റെ ജോലി ചെയ്തു. സഭയിൽ ഉണ്ടായിരുന്ന സകല ഭൂതങ്ങളേയും പിടിച്ചു കെട്ടി. ഇളകാതിരുന്ന വിരുതൻ ഭൂതങ്ങളെ പേപ്പർ ചുരുട്ടി കുത്തി ഇളക്കി. എല്ലാത്തിനേയും പെട്ടിയിലാക്കി കൊണ്ടുപോകുകയും ചെയ്തു. അതോടെ പെരുമ്പാവൂർ ഐ.പി.സിയിൽ ഒറ്റ ഭൂതം പോലും മിച്ചമില്ലാതായി.

ശാപം പൊട്ടിയതോടെ പെരുമ്പാവൂർ ഐ.പി.സി പറുദീസ പോലെ ആയിരിക്കയാണ്. പരിസരത്തെങ്ങും മുള്ള്, ഞെരിഞ്ഞിൽ തുടങ്ങിയവ കാണാനില്ല. മുള്ളുമുരിക്കും നഹി. യാതൊരു വിധ വേദനയും കൂടാതെ സ്ത്രീകൾ കൂളായി പ്രസവിക്കുന്നു. വിയർപ്പ് അശ്ശേഷമില്ല. അതുകൊണ്ട് ഫാനുകളെല്ലാം അഴിച്ചു വെച്ചിരിക്കയാണ്. കടമെല്ലാം മാറി. അപകടങ്ങൾ, മാറാരോഗങ്ങൾ തുടങ്ങിയവയും അശ്ശേഷമില്ല. (ഭ്രാന്ത് മാറിയോ എന്ന് പറയാറായിട്ടില്ല). അങ്ങനെ സമത്വ സുന്ദരമായ സ്ഥിതിയാണ് ഈ സഭയിൽ ഇപ്പോഴുള്ളത്.

## പെണ്ണില്ലാതായാൽ പെങ്ങളെ കെട്ടുമോ?

പെണ്ണില്ലാതായാൽ പെങ്ങളെ കെട്ടുമെന്ന് അല്പമെങ്കിലും ധാർമ്മി ബോധമുള്ളവർ പറയുകയില്ല. പക്ഷേ കീഴില്ലത്തെ പെനിയേൽ ബൈബിൾ സെമിനാരിയിൽ ഈയിടെ ഇതിനു സമാനമായ ഒരു ഹീനകൃത്യം നടന്നു.

ദീപസ്തംഭം മഹാശ്ചര്യം എന്ന പ്രമാണത്തിന്റെ ചുവടുപിടിച്ച്, സെമിനാരിയുടെ വകയായി ഒരു ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ ഈയിടെ ആരംഭിച്ചു. അത് ഉദ്ഘാടനം ചെയ്യാൻ ഒരു ആളുവേണം. രാഷ്ട്രീയക്കാരില്ലാതെ ഒരു കാര്യവും പെന്തക്കോസ്തിൽ നടക്കില്ലല്ലോ. അതുകൊണ്ട് ഒന്നാംതരം ഒരു രാഷ്ട്രീയക്കാരനെ വിളിച്ച് ഉദ്ഘാടനം നടത്തിക്കാൻ തീരുമാനിച്ചു. അന്വേഷിച്ച് ഒരാളെ കണ്ടെത്തി ഉദ്ഘാടനം നടത്തിക്കയും ചെയ്തു. ആരായിരുന്നു ഉദ്ഘാടകൻ? മറ്റാര്? സാക്ഷാൽ പി.ജെ. കുര്യൻ. പെന്തക്കോസ്തുകാർ ഇപ്പോൾ ഇവിടം വരെ എത്തി. അടുത്ത വർഷം കുഞ്ഞാലിക്കുട്ടിയെ വിളിക്കാനും സാദ്ധ്യതയുണ്ട്.

# സുവിശേഷകർ ചമഞ്ഞ് മോഷണം

സുവിശേഷകരുടെ വേഷത്തിലെത്തി മോഷണം നടത്തുന്നത് തൊഴിലാക്കിയ സംഘത്തെ പോലീസ് അറസ്റ്റ് ചെയ്തു. സംഭവം നടന്നത് കുത്താട്ടുകുളത്താണ്. കത്തോലിക്കാ സുവിശേഷകരുടെ വേഷമാണ് കള്ളൻമാർ കെട്ടിയത്. (പെന്തക്കോസ്ത് പാസ്റ്റർമാരുടെ വേഷം കെട്ടുകയായിരുന്നു കള്ളൻമാർക്ക് കൂടുതൽ എളുപ്പം. രണ്ടു കൂട്ടരും തമ്മിൽ വലിയ വ്യത്യാസമൊന്നും ഇല്ലല്ലോ).

വേളാങ്കണ്ണിയിൽ നിന്നും വരുന്ന സുവിശേഷകരാണെന്നു പറഞ്ഞ് വീടുകളിൽ എത്തുന്ന സംഘം അത്യുഗ്രൻ പ്രാർത്ഥനയും മറ്റും നടത്തും. നേർച്ചയെന്ന പേരിൽ എള്ളും അരിയും ഭസ്മവും മറ്റും കൊടുക്കും. അതു കഴിഞ്ഞ് കുറച്ച് വെള്ളം കൊണ്ടുവരാൻ ആവശ്യപ്പെടും. വീട്ടുകാർ വെള്ളവുമായി വരുമ്പോൾ അതിൽ ഭസ്മംപോലെ എന്തോ ഇടും. അതോടെ മുറിയിൽ പുക വ്യാപിക്കും. വീട്ടുകാർ ബോധം കെട്ട് വീഴും. ഉടൻ സുവിശേഷകർ ആഭരണം, പണം തുടങ്ങിയവ അപഹരിച്ചുകൊണ്ട് മുങ്ങും. ഏതായാലും പോലീസിന്റെ ശ്രമഫലമായി ഈ സംഘത്തെ അറസ്റ്റ് ചെയ്തു കഴിഞ്ഞു.

പെന്തക്കോസ്ത് പാസ്റ്റർമാരുടെ വേഷത്തിൽ ഇത്തരം കള്ളൻമാർ വരാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല. കൈവിഷം ഇറക്കാനെന്ന വ്യാജേന വെള്ളം കുടിപ്പിച്ചെന്നും വരാം. ബോധം തിരികെ കിട്ടുപ്പോൾ വീട്ടിലുള്ള പണവും മറ്റും നഷ്ടപ്പെട്ടതായി കാണാം. പെന്തക്കോസ്തുകാർ സാധാരണയായി ആഭരണം ധരിക്കാത്തതുകൊണ്ട് ആഭരണം നഷ്ടമാകില്ല എന്നുമാത്രം.





# സത്യത്തിന്റെ ആത്മാവും ഭോഷ്ക്കിന്റെ ആത്മാവും

സത്യത്തിന്റെ ആത്മാവ് വരുമ്പോൾ അവൻ ദൈവമക്കളെ സകല സത്യത്തിലും വഴിനടത്തും എന്ന് കർത്താവായ യേശുക്രിസ്തു വാഗ്ദത്തം ചെയ്തു. അത് പെന്തക്കോസ്ത് നാളിൽ നിറവേറി. പക്ഷേ ഇന്നത്തെ പെന്തക്കോസ്തുകാരിൽ ഭൂരിപക്ഷവും ഭോഷ്ക്കിന്റെ ആത്മാവ് ബാധിച്ച് സകലവിധ ഭോഷ്ക്കും പറഞ്ഞ് നടക്കുകയാണ്. ഭോഷ്ക്ക് പറഞ്ഞില്ലെങ്കിൽ അവർക്ക് നിലനിൽക്കാനാവില്ല എന്നതാണ് സ്ഥിതി.

പണം ഉണ്ടാക്കാനും നേതാവാകാനും പ്രസംഗകനായി ഷൈൻ ചെയ്യാനും അധികാരം പിടിച്ചടക്കാനും എല്ലാം ഇവർ ഭോഷ്ക്ക് പറയും. ഭോഷ്ക്കേ പറയൂ എന്ന് വ്രതം എടുത്തവർപോലും ഉണ്ട്. ഇങ്ങനെ ഭോഷ്ക്ക് പറയുന്ന കാര്യത്തിൽ ഐ.പി.സി എന്നോ ശാരോൻ എന്നോ എ.ജി എന്നോ ഒക്കെയുള്ള വ്യത്യാസം ഇല്ലെന്നതും ശ്രദ്ധേയമാണ്. എല്ലാവരിലും വ്യാപരിക്കുന്ന ആത്മാവ് ഒന്നത്രേ.

ഇല്ലാത്ത മിനിസ്ട്രികളുടെ പേരു പറഞ്ഞാണ് ചിലർ പണമുണ്ടാക്കുന്നത്. അനാഥശാലയുണ്ട്, അവിടെ നൂറ് കുട്ടികളുണ്ട് എന്നൊക്കെയാണ് ചിലർ പറയുന്നത്. ബൈബിൾ കോളേജുകളാണ് ചിലരുടെ ഇഷ്ടഭോഷ്ക്ക് വിഷയം. ഇവയൊക്കെ നേരിൽ കാണണമെന്ന് ആരെങ്കിലും വാശി പിടിച്ചാലോ എന്ന ഭയമുള്ളതിനാൽ വടക്കേ ഇന്ത്യയിലെ ഏതെങ്കിലും കുഗ്രാമത്തിലാണ് ഇവയൊക്കെ ഉള്ളതെന്നു കൂടി പ്രഖ്യാപിക്കുന്നതോടെ സംഗതി എളുപ്പമാകും.

തങ്ങൾ നേതൃത്വം നൽകുന്ന സഭയിലെ അംഗങ്ങളേയും ശുശ്രൂഷകൻമാരേയും തങ്ങളുടെ സ്വകാര്യ സംഘടനയുടെ പ്രവർത്തകരായി അവതരിപ്പിച്ച് പണം തട്ടുന്ന പരിപാടി ചില പെന്തക്കോസ്ത് നേതാക്കൻമാർ ചെയ്തുവരുന്നു. ശാരോനിലെ ടി.ജി കോശി, ടി.പി.ഏബ്രഹാം എന്നിവർ ഇക്കാര്യത്തിൽ വിദഗ്ദ്ധരാണ്. ഐ.പി.സിയിലെ ടി.എസ്.ഏബ്രഹാം, വൽസൻ ഏബ്രഹാം തുടങ്ങിയവർ പണക്കാരായതും ഈ വിധത്തിൽ തന്നെ.

കള്ളപ്രവചനമാണ് ചില ഭോഷ്ക്കിന്റെ പുത്രൻമാരുടെ സ്ഥിരം പരിപാടി. വായിൽ തോന്നിയത് കോതയ്ക്കു പാട്ട് എന്ന വിധത്തിലാണ് പ്രവചനം. പൊട്ടക്കണ്ണന്റെ മാവിൽ ഏറുപോലെ ചിലത് ഒത്തുവരും. അത് കൊട്ടിഘോഷിച്ചാകും പിന്നീടുള്ള പ്രവചനങ്ങൾ. എന്തു വിഡ്ഢിത്തവും വിശ്വസിക്കാൻ ആളുള്ളതുകൊണ്ട് ഇത്തരക്കാർക്ക് എല്ലായ്പ്പോഴും നല്ല സ്വീകരണം ലഭിക്കുന്നു.

ഊതിവീഴ്ത്ത്, ഉന്തിവീഴ്ത്ത്, രോഗശാന്തി തട്ടിപ്പ് തുടങ്ങിയവയിൽ സ്പെഷ്യലൈസ് ചെയ്തിരിക്കുന്നവർക്കാണ് ഇപ്പോൾ ഏറ്റവും ഡിമാന്റുള്ളത്. അറിയപ്പെടുന്ന ഉണർവ്വ് പ്രസംഗകരെല്ലാം ഈ ഗ്രൂപ്പിലുള്ളവരാണെന്ന് പറയാം. എം.എ.വർഗീസ്, സുരേഷ് ബാബു, സാമച്ചൻ, നോബിൾ പി.തോമസ്, തങ്കു തുടങ്ങിയവർ ഉദാഹരണം. ഇത്തരക്കാരെ ദൈവങ്ങളേപ്പോലെയാണ് മിക്കവരും കണക്കാക്കുന്നത്. ഇവരിൽ വ്യാപരിക്കുന്നത് ദൈവാത്മാവല്ലെന്നോ ഈ ശുശ്രൂഷകൾ വചനവിരുദ്ധമാണെന്നോ പറഞ്ഞാൽ ഇവരുടെ ഭക്തർക്ക് കലികയറും.

വ്യഭിചാരവും കോട്ടവുമുള്ള തലമുറ അടയാളം തിരയുന്നു എന്ന് കർത്താവായ യേശുക്രിസ്തു തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. അത്ഭുതം, അടയാളം, പ്രവചനം തുടങ്ങിയവയുടെയൊക്കെ പിന്നാലെ പോകുന്നവർ അവിശ്വാസികളോ അല്പവിശ്വാസികളോ ആണ്. വീണ്ടും ജനനം പ്രാപിച്ച വിശ്വാസിയുടെ അടിസ്ഥാനം ദൈവവചനമാണ്. അത്ഭുതം കണ്ട് അഡ്ഡാളിച്ചോ അപ്പം തിന്ന് തൃപ്തരായോ പ്രവചനം കേട്ട് സന്തോഷിച്ചോ അല്ല അവർ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നത്.



# ഡിഫെൻഡർ മറുപടി പറയുന്നു

**?** യേശുവിനെ പ്രസംഗിക്കുന്നവരെല്ലാം ദൈവമക്കളാണെന്നും നിത്യരക്ഷ പ്രാപിച്ചവരാണെന്നും മറ്റും പറയാൻ അച്ചൻകുഞ്ഞ് ഇലന്തൂരിനേപ്പോലുള്ളവർക്ക് എങ്ങനെ കഴിയുന്നു? അറിഞ്ഞ സത്യത്തെ തള്ളിക്കളയാൻ ഇവർ ശങ്കിക്കാത്തതെന്ത്?

■ കഴിഞ്ഞലക്കം ഡിഫെൻഡർ വായിച്ച നിരവധി ആളുകൾ അച്ചൻകുഞ്ഞിനെതിരെ ശക്തമായ ഭാഷയിൽ പ്രതികരിച്ചുകൊണ്ട് ഡിഫെൻഡർ ഓഫീസിലേക്ക് കത്തെഴുതുകയുണ്ടായി. പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കുന്നവർ ഇന്നും പെന്തക്കോസ്തിൽ ഉണ്ട് എന്നു കാണുന്നതിൽ സന്തോഷം.

മൂന്നരക്കൊല്ലം കർത്താവിനോടൊപ്പം നടന്ന യൂദക്ക് 30 വെള്ളിക്കാശ് കണ്ടപ്പോൾ എല്ലാം മറക്കാൻ ബുദ്ധിമുട്ടുണ്ടായില്ല. യൂദായുടെ പിൻഗാമികൾ ഇന്നുമുണ്ട്. അവരിൽ ഒരാളാണ് അച്ചൻ കുഞ്ഞ് ഇലന്തൂർ. ഈ നീചന് കർത്താവായ യേശുക്രിസ്തുവിനെ അഞ്ചോ പത്തോ വെള്ളിക്കാശിന് വിൽക്കാനും മടിയുണ്ടാകുകയില്ല.

അറിഞ്ഞ സത്യത്തെ തള്ളിക്കളഞ്ഞവർ പെന്തക്കോസ്തിൽ ഏറെയുണ്ട്. പക്ഷേ ആ ഗ്രൂപ്പിൽ അച്ചൻകുഞ്ഞിനെ ഉൾപ്പെടുത്താൻ കഴിയുമോ എന്ന് സംശയമാണ്. കാരണം, അച്ചൻകുഞ്ഞ് എന്നെങ്കിലും സത്യം അറിഞ്ഞിരുന്നോ എന്ന് വ്യക്തമല്ല. ജൻമം കൊണ്ട് മാർത്തോമ്മാക്കാരനാണ് അച്ചൻകുഞ്ഞ്. പക്ഷേ ചെറുപ്പത്തിന്റെ ആവേശത്തിന് പെന്തക്കോസ്തിൽ ചേർന്നു. രക്ഷിക്കപ്പെട്ടതായി അറിവില്ല. സ്നാനപ്പെടാതെ പെന്തക്കോസ്തിൽ ചേരാൻ ആവില്ല. അതുകൊണ്ട് സ്നാനമേറ്റു. ആദ്യകാലത്ത് ഒരു ചെറിയ പെന്തക്കോസ്ത് സഭയിലെ അംഗമായിരുന്നു. ഷൈൻ ചെയ്യാൻ അവിടെ അവസരം കുറവാണെന്നു കണ്ടപ്പോൾ ഐ.പി.സിയിൽ ചേർന്നു. ഐ.പി.സിയുടെ വിശ്വാസപ്രമാണങ്ങളിൽ വിശ്വാസമുള്ളതുകൊണ്ടല്ല അച്ചൻകുഞ്ഞ് ഐ.പി.സിയിൽ ചേർന്നതെന്ന വസ്തുത പ്രത്യേകം ശ്രദ്ധിക്കുക. യേശുക്രിസ്തുവിനെ രക്ഷകനായി അംഗീകരിക്കുക എന്ന ഒറ്റ കാര്യം ചെയ്താൽ രക്ഷിക്കപ്പെടും എന്ന് വിശ്വസിക്കുന്നവനാണ് അച്ചൻകുഞ്ഞ്. വിശ്വാസസ്നാനം ആവശ്യമില്ല, പരിശുദ്ധാത്മസ്നാനം എന്നൊന്നില്ല, രക്ഷിക്കപ്പെട്ടവരെല്ലാം പരിശുദ്ധാത്മാവിനെ പ്രാപിച്ചവരാണ്, വേർപാട് ആവശ്യമില്ല, കത്തോലിക്കർ ഉൾപ്പെടെയുള്ള എല്ലാ ക്രിസ്തുമതക്കാരും രക്ഷിക്കപ്പെട്ട ദൈവമക്കളാണ് തുടങ്ങിയതൊക്കെയാണ് അച്ചൻകുഞ്ഞിന്റെ വിശ്വാസം. വിശുദ്ധയായ ദൈവദാസി എന്ന നിലയിൽ മദർ തെരേസയുടെ രണ്ടു ചിത്രങ്ങൾ അച്ചൻകുഞ്ഞിന്റെ ഓഫീസിൽ വെച്ചിട്ടുമുണ്ട്. കത്തോലിക്കാ മത പ്രചാരകനായ ബെന്നി പുന്നത്തറയുടെ ലേഖനങ്ങൾ മരുപ്പച്ചയുടെ അവിഭാജ്യ ഘടകമാണെന്നതും ശ്രദ്ധേയമാണ്.

അച്ചൻകുഞ്ഞ് ഏതാനും വർഷം മുൻപ് ഒരു വീട് വെച്ചു. (അതിൽ തെറ്റൊന്നുമില്ല). പക്ഷേ വീട്ടിൽ കയറി താമസിക്കുന്ന ദിവസം രാവിലെ മാർത്തോമ്മാക്കാരനായ ഉപ്പാപ്പനെക്കൊണ്ട് എല്ലാ മുറിയിലും കുന്തിരിക്കം പുകപ്പിച്ചു. മലങ്കര റീത്തിന് തിരുവല്ലയിൽ പുതിയ ആർച്ച് ബിഷപ്പ് ഉണ്ടായപ്പോൾ അനുമോദിക്കാൻ അച്ചൻകുഞ്ഞ് മുൻപന്തിയിൽ ഉണ്ടായിരുന്നു. കഴിഞ്ഞ പത്തു വർഷത്തിനിടയിൽ പെന്തക്കോസ്തിൽ ഉണ്ടായ എല്ലാ ഇണയല്ലാപ്പിണയുടെ പിന്നിലും അച്ചൻകുഞ്ഞ് ഇലന്തൂർ എന്ന സർപ്പസന്തതിയുടെ കരങ്ങൾ ഉണ്ടായിരുന്നു. ദൈവമക്കളെ കത്തോലിക്കാ സഭയുടെ കുറ്റിയിൽ കെട്ടാൻ സാത്താൻ അച്ചൻകുഞ്ഞിനെ കൈയ്യിൽ എടുത്തിരിക്കയാണ്.

പെന്തക്കോസ്തുകാരെല്ലാം രക്ഷിക്കപ്പെട്ടവരാണെന്നും ദൈവമക്കളാണെന്നും ഒരു ധാരണയുണ്ട്. ആ ധാരണ ശരിയല്ല. പെന്തക്കോസ്തിൽ ചേർന്നതുകൊണ്ട് ആരെങ്കിലും ദൈവമക്കൾ ആകുമെന്ന് കരുതരുത്. കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുക, അങ്ങനെ വീണ്ടും ജനനം പ്രാപിക്കുക, അതിനുശേഷം വിശ്വാസസ്നാനം പ്രാപിക്കുക, പരിശുദ്ധാത്മസ്നാനം പ്രാപിക്കുക, രക്ഷിക്കപ്പെട്ടവരുമായി മാത്രം കൂട്ടായ്മ ആചരിക്കുക തുടങ്ങിയതൊക്കെയാണ് ദൈവമക്കൾ ചെയ്യേണ്ടത്. രക്ഷിക്കപ്പെട്ടു എന്നു പറയുകയും സ്നാനമേൽക്കാൻ വിസമ്മതിക്കുകയും ചെയ്യുന്ന വ്യക്തി രക്ഷിക്കപ്പെട്ടവനല്ല. രക്ഷിക്കപ്പെട്ടു എന്ന് അവകാശപ്പെടുകയും കത്തോലിക്കർ ഉൾപ്പെടെയുള്ളവർ രക്ഷിക്കപ്പെട്ടവരാണ് എന്ന് പറയുകയും ചെയ്യുന്ന വ്യക്തി രക്ഷ എന്നാൽ എന്ത് എന്ന് മനസ്സിലാക്കിയിട്ടുപോലുമില്ല.

യേശുക്രിസ്തുവിൽ വിശ്വസിക്കുന്നു എന്ന് കത്തോലിക്കർ ഉൾപ്പെടെയുള്ള എല്ലാ ക്രിസ്ത്യാനികളും പറയും. പക്ഷേ ഇങ്ങനെ പറയുന്നതുകൊണ്ടു മാത്രം അവർ രക്ഷിക്കപ്പെട്ടവരാകുന്നില്ല. വീണ്ടും ജനനം പ്രാപിക്കാതെ രക്ഷിക്കപ്പെടാൻ സാധിക്കയില്ല. പക്ഷേ അച്ചൻകുഞ്ഞിന്റെ വിശ്വാസപ്രമാണത്തിൽ വീണ്ടും ജനനം എന്നൊന്നില്ല. മദർ തെരേസയേയും ബെന്നി പുന്നത്തറയേയും ഒക്കെ രക്ഷിക്കപ്പെട്ടവരുടെ ഗ്രൂപ്പിൽ ഉൾപ്പെടുത്താൻ അച്ചൻകുഞ്ഞിന് കഴിയുന്നത് ഈ കാരണത്താലത്രേ. കത്തോലിക്കാസഭയുടെ വിശ്വാസപ്രമാണങ്ങൾ മുഴുവൻ അംഗീകരിച്ചുകൊണ്ടുതന്നെ രക്ഷിക്കപ്പെടാമെന്നത്രേ അച്ചൻകുഞ്ഞ് ഇലന്തൂർ പറയുന്നത്.

കത്തോലിക്കാസഭയുടെ വിശ്വാസപ്രമാണങ്ങൾ അംഗീകരിച്ചുകൊണ്ടുതന്നെ രക്ഷിക്കപ്പെടാമെങ്കിൽ ഐ.പി.സി എന്തിന്? മാർത്തോമ്മാ സഭയിൽ നിന്നുകൊണ്ട് രക്ഷിക്കപ്പെടാൻ കഴിയുമായിരുന്നെങ്കിൽ അച്ചൻകുഞ്ഞ് എന്തിന് മാർത്തോമ്മാ സഭ വിട്ടു? സ്നാനം ആവശ്യമില്ലെങ്കിൽ പിന്നെ എന്തിന് അച്ചൻകുഞ്ഞ് സ്നാനമേറ്റു? പ്രിയ ദൈവമക്കളേ, സൂക്ഷിക്കുക, അച്ചൻകുഞ്ഞ് ഇലന്തൂർ കടുത്ത ദുരുപദേശക്കാരനാണ്. ബിലെയാമിന്റെ ഉപദേശവുമായി നടക്കുന്ന കള്ളനാണിയാൾ. ദുരാത്മാവിന്റെ നിയന്ത്രണത്തിലാണ് അച്ചൻകുഞ്ഞ് പ്രവർത്തിക്കുന്നത്.


## – 100 പ്രസംഗങ്ങൾ –
## റിക്കാഡിംഗ് പുരോഗമിക്കുന്നു

100 പ്രസംഗങ്ങൾ – 100 മണിക്കൂർ. എം.പി.3 ഫോർമാറ്റ്
പ്രസിദ്ധീകരണം: 2007 ജൂലൈ 31.
മുഖവില: 1000 രൂപ.
ഇപ്പോൾ പണമടക്കുന്നവർക്ക് 750 രൂപ മാത്രം.

## പ്രഭാതധ്യാനം

20 മിനിട്ട് വീതം ദൈർഘ്യമുള്ള 365 ലഘു പ്രസംഗങ്ങൾ
2008ലെ ഓരോ മാസത്തിനും ഓരോ എം.പി.3 സി.ഡി.
പ്രസിദ്ധീകരണം: 2007 ഡിസംബർ 15
ആകെ 12 സി.ഡികൾ. മുഖവില: 1200 രൂപ.
ഇപ്പോൾ പണമടയ്ക്കുന്നവർക്ക് 850 രൂപ മാത്രം

100 പ്രസംഗങ്ങൾ + പ്രഭാതധ്യാനം: മുഖവില: 2200 രൂപ
ഇപ്പോൾ പണമടച്ചാൽ 1500 രൂപ മാത്രം
വില ചെക്ക്/ഡി.ഡി/മണിയോർഡർ ആയി അയയ്ക്കുക.

വിലാസം:
ടി.എസ്.ബാലൻ,
ആനന്ദ് ഭവൻ, കെ.എസ്.ആർ.ടി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542
ഫോൺ: 0484-3232356, 9447414608

# സുരേഷിന്റെ യോഗത്തിൽ ഉന്തും തള്ളും

മഴക്കാലമായതുകൊണ്ട് പ്രസംഗകർക്ക് ഇത് ഓഫ് സീസണാണ്. അതുകൊണ്ട് മിക്കവരും ഇപ്പോൾ വിദേശ പര്യടനത്തിലാണ്. എങ്കിലും ഈയിടെയായി സുരേഷ് ബാബുവിന് വലിയ ഡിമാന്റില്ലാത്തതുകൊണ്ട് കക്ഷി ഇപ്പോൾ കേരളത്തിലുണ്ട്. (പോകാൻ സ്ഥലമില്ല). അതുകൊണ്ട് സുരേഷ് തിരുവനന്തപുരം ഭാഗത്ത് ഒരു സ്പെഷ്യൽ മീറ്റിംഗ് നടത്തി. സുനാമി പോലുള്ള പ്രകൃതി ദുരന്തങ്ങളേയും മറ്റും തടയുകയായിരുന്നു ഉദ്ദേശ്യം. കുറെ ഉണർവ്വ് പ്രസംഗകരെ ക്ഷണിക്കാനും സുരേഷ് മറന്നില്ല.

എന്തിനും ഏതിനും ആളുകൂടുമല്ലോ. അതുകൊണ്ട് സുരേഷിന്റെ യോഗത്തിനും ആളുകൂടി. യോഗം പൊടിപൂരമായി നടക്കുന്നതിനിടയിൽ സുരേഷ് അത്ഭുതങ്ങളേക്കുറിച്ച് പ്രസംഗിച്ചു. മോശെ അത്ഭുതം നടത്തി. ഫറവോന്റെ മന്ത്രവാദികളും അത്ഭുതം നടത്തി. ഇന്നും ഇതുതന്നെ നടക്കുന്നു. സുരേഷിനേപ്പോലുള്ളവർ മോശെ നടത്തിയതുപോലെ അത്ഭുതം നടത്തുന്നു. പെന്തക്കോസ്ത് ഉപദേശിമാർ ഫറവോന്റെ മന്ത്രവാദികൾ നടത്തിയതുപോലെ അത്ഭുതം നടത്തുന്നു. ഇതുകേട്ടും കുറെ വിഡ്ഢികൾ ആമേൻ പഞ്ഞു. പക്ഷേ മിക്കവർക്കും ഇത് അത്ര പിടിച്ചില്ല. യോഗം കഴിഞ്ഞ് അവർ ഈ പ്രശ്നത്തേക്കുറിച്ച് സുരേഷുമായി സംസാരിച്ചു. എല്ലാ പെന്തക്കോസ്ത് പാസ്റ്റർമാരേയും അടച്ച് ആക്ഷേപിച്ചത് ശരിയായില്ല എന്നായി ചില പാസ്റ്റർമാർ. പക്ഷേ സുരേഷ് വിട്ടുകൊടുത്തില്ല. ഒടുവിൽ വാക്കേറ്റമായി. ഉന്തും തള്ളും നടന്നു. (കൈവെയ്പ് ഉണ്ടായില്ല എന്ന് കേൾക്കുന്നു). ഏതായാലും ഊതിവീഴ്ത്ത് ശുശ്രൂഷ പോലെ ഒരു ഉന്തും തള്ളും ശുശ്രൂഷ തുടങ്ങിയാലോ എന്ന ആലോചനയിലാണ് ചില പാസ്റ്റർമാർ ഇപ്പോൾ.

# ഇംഗ്ലീഷ് അസഹനീയം

പുതുപ്പള്ളി അച്ചന്റെ ഇംഗ്ലീഷ് ഡിഫെൻഡറിൽ വായിച്ച പലരും ചില പെന്തക്കോസ്ത് നേതാക്കൻമാരുടെ ഇംഗ്ലീഷ് പ്രസംഗത്തേക്കുറിച്ച് ഡിഫെൻഡറിനെ അറിയിക്കയുണ്ടായി. അമേരിക്കൻ പാർട്ടികൾ ഉൾപ്പെട്ട വിവാഹങ്ങളിലാണത്രേ ഇംഗ്ലീഷ് ശല്യം കൂടുതൽ.

തങ്ങൾ വലിയ പണ്ഡിതരാണെന്ന് വരുത്തി തീർക്കാൻ പ്രസംഗകർ ഇംഗ്ലീഷിൽ പ്രസംഗിക്കുന്നു. ഇംഗ്ലീഷും മലയാളവും ഇടകലർത്തി പ്രസംഗിക്കുന്നവരുമുണ്ട്. പക്ഷേ മിക്കവരുടേയും ഇംഗ്ലീഷ് ''ഡോണ്ട് വാണ്ട്'' മോഡലിൽ ആണെന്നു മാത്രം. ഇത്തരം പ്രസംഗങ്ങൾകേട്ട് ഇംഗ്ലീഷ് അറിയാവുന്നവർ പരിഹസിക്കുന്നത് പ്രസംഗകർ അറിയാറില്ല. അറിഞ്ഞാലും അറിഞ്ഞ ഭാവം നടിക്കാറില്ല. മലയാളം തന്നെ ശരിക്ക് അറിഞ്ഞുകൂടാത്തവരാണ് ഇങ്ങനെ ഇംഗ്ലീഷിൽ പ്രസംഗിക്കുന്നതെന്നതാണ് ഏറെ വിചിത്രം.

# കെ.എ.ഏബ്രഹാമിനെ പ്രസംഗിക്കാൻ വിളിക്കുന്നവർ ശ്രദ്ധിക്കുക

ശുദ്ധ വിവരക്കേടുകൾ പ്രസംഗിക്കുന്നത് പതിവാക്കിയ ആളാണെങ്കിലും കെ.എ.ഏബ്രഹാമിനെ പ്രസംഗിക്കാൻ വിളിക്കാൻ ഇപ്പോഴും ഏറെപ്പേരുണ്ട്. പെന്തക്കോസ്തുകാരിൽ നല്ലൊരു പങ്കിന് വിവരമില്ലാത്തതുകൊണ്ട് കെ.എ.ഏബ്രഹാമിന്റെ പ്രസംഗം അവർക്ക് രസിക്കയും ചെയ്യും. അടുത്ത കൺവെൻഷൻ സീസണിലും കെ.എ. ഏബ്രഹാമിന് ഏറെ പ്രോഗ്രാമുകൾ ലഭിക്കും എന്നതിനും സംശയമില്ല.

കെ.എ.ഏബ്രഹാമിനെ ഡിഫെൻഡർ പലപ്പോഴും വിമർശിച്ചിട്ടുണ്ടെങ്കിലും അത് ഒരു സന്ധിയില്ലാസമരം എന്ന നിലയിൽ ആക്കിയിരുന്നില്ല. എന്നാൽ പ്രകൃതിവിരുദ്ധനായ മത്തായിക്കുട്ടിക്ക് കെ.എ.ഏബ്രഹാം പിൻതുണ കൊടുക്കുന്നു എന്ന് ഇപ്പോൾ വ്യക്തമായിരിക്കുന്നതുകൊണ്ട് ഇനി കെ.എ.ഏബ്രഹാമിനെ ശക്തിയായി എതിർക്കാനാണ് ഡിഫെൻഡർ തീരുമാനിച്ചിരിക്കുന്നത്.

അടുത്ത കൺവെൻഷൻ സീസണിൽ കെ.എ.ഏബ്രഹാം പ്രസംഗിക്കുന്നിടത്തെല്ലാം ഡിഫെൻഡർ ഒരു സപ്ലിമെന്റ് വിതരണം നടത്തും. അതിൽ കെ.എ.ഏബ്രഹാം, മത്തായിക്കുട്ടി എന്നിവരേക്കുറിച്ച് വിശദമായി എഴുതിയിരിക്കും. കെ.എ.ഏബ്രഹാമിനെയെന്നല്ല സാക്ഷാൽ ചെകുത്താനെ വിളിച്ച് പ്രസംഗിപ്പിക്കാനും യോഗത്തിന്റെ സംഘാടകർക്ക് സ്വാതന്ത്ര്യമുണ്ട്. പക്ഷേ പ്രസംഗിക്കാൻ എത്തിയിരിക്കുന്നത് ഏതു തരക്കാരനാണെന്ന് പൊതുജനങ്ങളെ അറിയിക്കാനുള്ള സ്വാതന്ത്ര്യം ഡിഫെൻഡറിനുമുണ്ട്. അതുകൊണ്ട് കെ.എ. ഏബ്രഹാമിനെ യോഗത്തിനു വിളിക്കുന്നവർ യോഗത്തിനു മുൻപ് സപ്ലിമെന്റും എത്തും എന്ന് മറക്കാതിരിക്കുന്നത് നന്ന്.

# ഐ.പി.സിയിലെ കേസ്സുകൾ പ്രശ്നങ്ങൾക്ക് വഴിവെയ്ക്കുന്നു

ഐ.പി.സി വാദിയായും പ്രതിയായും ഇപ്പോൾ നടന്നു വരുന്ന കേസ്സുകൾ ഐ.പി.സിയിൽ പ്രശ്നങ്ങൾക്ക് വഴിവെയ്ക്കുന്നതായി കുമ്പനാട്ടുനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. നേതാക്കൻമാരുടെ അഹങ്കാരവും പിടിപ്പുകേടും മറ്റും കൊണ്ട് ഉണ്ടായതാണ് ഈ കേസ്സുകളിൽ ഭൂരിപക്ഷവും.

